

വർണ്ണപ്പകിട്ട്

നമ്മളിൽ
ഞങ്ങളുമുണ്ട്

# മാന്വൽ 2022

# സംസ്ഥാന ട്രാൻസ്ജെൻഡർ
# കലോത്സവം 2022

SOCIAL JUSTICE DEPARTMENT

സാമൂഹ്യനീതി വകുപ്പ്

മഴവില്ല്



# മാന്വൽ 2022

# വർണപ്പകിട്ട് – 2022

## സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം

സാമൂഹ്യനീതി വകുപ്പ്

കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

# പൊതുമാർഗ്ഗനിർദ്ദേശങ്ങൾ

1. കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പ് സംസ്ഥാന തലത്തിൽ ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് വേണ്ടിയാണ് കലോത്സവം സംഘടിപ്പിക്കുന്നത്.
2. ട്രാൻസ്ജെൻഡർ ഐ.ഡി. കാർഡ് കരസ്ഥമാക്കിയ വ്യക്തികൾ കലോത്സവത്തിൽ പങ്കെടുക്കാൻ അർഹരാണ്.
3. പ്രാഥമികതലം മുതലുള്ള പ്രവർത്തനത്തിന്റെ സംഘടനാ ചുമതല സംഘാടക സമിതിക്കും വകുപ്പിനും ആയിരിക്കും.
4. മത്സരത്തിൽ പങ്കെടുക്കാനുള്ള കുറഞ്ഞ പ്രായപരിധി 18 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.
5. ഒരു മത്സരാർത്ഥിക്ക് 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പ് ഇനങ്ങളിലും മാത്രമേ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ.
6. പ്രാഥമിക ഘട്ടമെന്ന നിലയിൽ ജില്ലാ ജസ്റ്റിസ് കമ്മിറ്റി നിർദേശിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട മത്സരാർത്ഥികൾക്ക് മാത്രമേ സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ.
7. ഒരിനത്തിൽ 3-ൽ കൂടുതൽ മത്സരാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമേ ആ ഇനം മത്സര ഇനമായി നടത്തുകയുള്ളൂ. 3-ൽ കുറവ് മത്സരാർത്ഥികളാണ് ഉള്ളതെങ്കിൽ പ്രസ്തുത പരിപാടിയുടെ അവതരണം നടത്തി ലഭിക്കുന്ന പോയിന്റ് വ്യക്തിഗത പോയിന്റായി കണക്കാക്കുന്നതാണ്.
8. കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന ജില്ലയ്ക്ക് എവർ റോളിംഗ് ട്രോഫി നൽകുന്നതായിരിക്കും.
9. കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്ന മത്സരാർത്ഥിക്ക് 'കലാരത്നം' എന്ന പട്ടവും നൽകുന്നതായിരിക്കും.
10. കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് ഭക്ഷണം, താമസ സൗകര്യം എന്നിവ വകുപ്പ് വഹിക്കുന്നതാണ്.
11. കലോത്സവത്തിന്റെ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട സംഘാടക സമിതിയുടെയും സ്വാഗത സംഘത്തിന്റെയും സേവനം കലോത്സവ തീയതികളിൽ ഉണ്ടായിരിക്കേണ്ടതാണ്.
12. കലോത്സവത്തിന്റെ ചുമതല മുഴുവൻ തിരഞ്ഞെടുക്കപ്പെടുന്ന സ്വാഗത സംഘത്തിനും, സബ് കമ്മിറ്റിക്കും, കലോത്സവം നടക്കുന്ന ജില്ലയിലെ ജില്ലാ ഓഫീസിനുമായിരിക്കും.
13. മത്സരാർത്ഥികൾ സ്വന്തം ജില്ലയ്ക്കു വേണ്ടി മാത്രമേ മത്സരിക്കുവാൻ പാടുള്ളൂ.
14. ട്രാൻസ് വുമൺ, ട്രാൻസ് മെൻ വിഭാഗങ്ങൾക്ക് പ്രച്ഛന്ന വേഷം (Fancy Dress), ഉപകരണ സംഗീതം (വയലിൻ), നാടൻ പാട്ട്, മിമിക്രി, ലളിത ഗാനം എന്നീ മത്സര ഇനങ്ങൾ പ്രത്യേകമായി തന്നെ നടത്തുന്നതാണ്.



# പൊതുനിബന്ധനകൾ

1. സംസ്ഥാനത്തു നടന്നു വരുന്ന കലാമത്സരങ്ങളുടെ പൊതു നിബന്ധനകൾക്ക് വിധേയമായിരിക്കണം.
2. പ്രാഥമിക ഘട്ടമെന്ന നിലയിൽ ജില്ലാ ജസ്റ്റിസ് കമ്മിറ്റികൾ മുഖേന സ്ക്രീനിംഗ് നടത്തി യോഗ്യത ലഭിച്ചവർക്ക് മാത്രമേ സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
3. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന വ്യക്തികൾക്കുള്ള സമ്മാനം തീരുമാനിക്കുമ്പോൾ തുല്യമായ പോയിന്റ് വന്നാൽ, ഗ്രൂപ്പിന് ലഭിച്ച പോയിന്റ് കൂടി കണക്കാക്കാവുന്നതാണ്.
4. ജില്ലകളിൽ നിന്ന് വരുന്ന മത്സരാർത്ഥികളുടെ പരിപൂർണ്ണ സംരക്ഷണവും, ചുമതലയും, അച്ചടക്കപരിപാലനവും അതാതു ജില്ലാ കോ-ഓർഡിനേറ്റർമാർക്കാണ്. സംഘാടകരെന്ന നിലയിൽ ബന്ധപ്പെട്ട സബ് കമ്മിറ്റികളുമായി ചേർന്ന് ഇവർ പ്രവർത്തിക്കുകയും മത്സരാർത്ഥികളുടെ മിനിമം ആവശ്യങ്ങൾ നേരിട്ട് ബന്ധപ്പെട്ടു നടത്തികൊടുക്കേണ്ടതുമാണ്.
5. സംസ്ഥാന കലോത്സവത്തിൽ സമാപന സമ്മേളനത്തിന് ശേഷം ഒന്നാം സമ്മാനം നേടിയ തിരഞ്ഞെടുത്ത ഇനങ്ങളുടെ അവതരണം പ്രദർശനമായി നടത്തേണ്ടതാണ്.
6. ട്രാൻസ്ജെൻഡർ വ്യക്തികൾ അല്ലാത്ത ആരെങ്കിലും മത്സരത്തിൽ പങ്കെടുത്തതായി ബോധ്യപ്പെട്ടാൽ ഉത്തരവാദിത്വ പ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.
7. കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ പെരുമാറുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്ന വ്യക്തികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും, പ്രസ്തുത വ്യക്തിയെ തുടർന്ന് വരുന്ന കലോത്സവത്തിൽ പങ്കെടുക്കുന്നതിൽ നിന്നും മൂന്ന് വർഷ കാലയളവിലേക്ക് വിലക്ക് ഏർപ്പെടുത്തുന്നതാണ്.

# മത്സര ഇനങ്ങൾ

| | | | |
|---|---|---|---|
| 1 | ഭരതനാട്യം | വ്യക്തിഗത ഇനം | 10 മിനിറ്റ് |
| 2 | മോഹിനിയാട്ടം | ” | 10 മിനിറ്റ് |
| 3 | നാടോടി നൃത്തം | ” | 10 മിനിറ്റ് |
| 4 | കുച്ചിപ്പുടി | ” | 10 മിനിറ്റ് |
| 5 | സംഘ നൃത്തം | ഗ്രൂപ്പ് ഇനം | 10 മിനിറ്റ് |
| 6 | തിരുവാതിര | ” | 10 മിനിറ്റ് |
| 7 | ഒപ്പന | ” | 10 മിനിറ്റ് |
| 8 | സെമി ക്ലാസിക്കൽ | വ്യക്തിഗത ഇനം | 6 മിനിറ്റ് |
| 9 | ലളിത ഗാനം | ” | 5 മിനിറ്റ് |
| 10 | പ്രസംഗം | ” | 5 മിനിറ്റ് |
| 11 | മോണോ ആക്ട് | ” | 10 മിനിറ്റ് |
| 12 | കവിത പാരായണം | ” | 5 മിനിറ്റ് |
| 13 | മിമിക്രി | ” | 7 മിനിറ്റ് |
| 14 | കവിതാരചന | ” | 60 മിനിറ്റ് |
| 15 | കഥാരചന | ” | 60 മിനിറ്റ് |
| 16 | ചിത്രരചന | ” | 60 മിനിറ്റ് |
| 17 | പ്രച്ഛന്ന വേഷം | ” | 5 മിനിറ്റ് |
| 18 | ദേശഭക്തി ഗാനം | ഗ്രൂപ്പ് ഇനം | 7 മിനിറ്റ് |
| 19 | നാടൻ പാട്ട് | വ്യക്തിഗത ഇനം | 6 മിനിറ്റ് |
| 20 | ഉപന്യാസരചന | വ്യക്തിഗത ഇനം | 60 മിനിറ്റ് |
| 21 | ഉപകരണ സംഗീതം (വയലിൻ) | ” | 7 മിനിറ്റ് |



# മത്സരങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ

**1. ഭരതനാട്യം**

സമയം 10 മിനിറ്റ്

**2. മോഹിനിയാട്ടം**

സമയം 10 മിനിറ്റ്

**3. നാടോടി നൃത്തം**

പഴയ നാടൻ ശൈലിയിലുള്ള നൃത്തങ്ങൾ തനത് വേഷവിധാനങ്ങളും വാദ്യോപകരണങ്ങളും ചുവടുവയ്പ്പുകളും ഭാവാദികളും ഇതിൽ പ്രത്യേകം പ്രാധാന്യം നൽകപ്പെടുന്നതാണ്. സമയം 10 മിനിറ്റ്

**4. കുച്ചിപ്പുടി**

സമയം 10 മിനിറ്റ്

**5. സംഘ നൃത്തം**

7 – 10 പേർ, സമയം 10 മിനിറ്റ്.

**6. തിരുവാതിര**

7 – 10 പേർ, സമയം 10 മിനിറ്റ്.

**7. ഒപ്പന**

7 – 10 പേർ, സമയം 10 മിനിറ്റ്.

**8. സെമി ക്ലാസിക്കൽ**

സെമി ക്ലാസിക്കൽ ഗാനം അല്ലെങ്കിൽ സിനിമ ഗാനം അനുവദിക്കുന്നതാണ്. ജില്ലാ സ്ക്രീനിംഗ് നിർദേശിക്കുന്ന വസ്ത്രധാരണം നിർബന്ധമാണ്. ജെൻഡർ വിരുദ്ധവും, വ്യക്തിഹത്യാപരവും, അച്ചടക്കവിരുദ്ധവുമായ പ്രകടനങ്ങൾ അനുവദിക്കുന്നതല്ല. സമയം 6 മിനിറ്റ്.

**9. ലളിത ഗാനം**

സിനിമ ഗാനം പാടാൻ അനുവദിക്കുന്നതല്ല. സമയം 5 മിനിറ്റ്.

**10. പ്രസംഗം**

പ്രസംഗത്തിനുള്ള വിഷയം വിധി കർത്താക്കൾ നിശ്ചയിച്ചു മത്സരം ആരംഭിക്കുന്നതിനു 5 മിനിറ്റ് മുൻപ് നൽകുന്നതായിരിക്കും. സമയം 5 മിനിറ്റ്.

11. **മോണോ ആക്ട്**

വ്യക്തിഹത്യ പരമായ പരാമർശങ്ങൾ കർശനമായും ഒഴിവാക്കണം. സമയം 10 മിനിറ്റ്.

12. **കവിത പാരായണം**

സിനിമ ഗാനം പാടാൻ അനുവദിക്കുന്നതല്ല. സമയം 5 മിനിറ്റ്.

13. **മിമിക്രി**

വ്യക്തിഹത്യ പരമായ പരാമർശങ്ങൾ കർശനമായും ഒഴിവാക്കണം. സമയം 7 മിനിറ്റ്.

14. **കവിതാരചന**

വിഷയം മത്സരസമയത്ത് നൽകുന്നതായിരിക്കും. സമയം 60 മിനിറ്റ്.

15. **കഥാരചന**

വിഷയം മത്സരസമയത്ത് നൽകുന്നതായിരിക്കും. സമയം 60 മിനിറ്റ്.

16. **ചിത്രരചന**

വിഷയം മത്സരസമയത്ത് നൽകുന്നതായിരിക്കും. സമയം 60 മിനിറ്റ്.

17. **പ്രഛന്ന വേഷം**

സംഭാഷണ ശകലങ്ങൾ, പശ്ചാത്തല സംഗീതം, വീഡിയോ എന്നിവ ഉപയോഗിക്കാൻ പാടുള്ളതല്ല. സമയം 3 മിനിറ്റ്.

18. **ദേശഭക്തി ഗാനം**

സമയം 7 മിനിറ്റ്

19. **നാടൻപാട്ട്**

സമയം 6 മിനിറ്റ്

20. **ഉപന്യാസരചന**

സമയം 60 മിനിറ്റ്

21. **ഉപകരണ സംഗീതം** - വയലിൻ

സമയം 7 മിനിറ്റ്

# നിബന്ധനകൾ

1. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന മുഴുവൻ മത്സരാർഥികളും പേര്, വിലാസം, വയസ്സ്, ജില്ല എന്നിവ തെളിയിക്കുന്ന ഐഡന്റിറ്റി കാർഡ് ബന്ധപ്പെട്ട ജില്ലാ ജസ്റ്റിസ് ബോർഡ് അംഗങ്ങൾ നൽകേണ്ടതും ഇത് സ്റ്റേജിൽ ഹാജരാക്കേണ്ട തുമാണ്.
2. മത്സരങ്ങളിൽ സംഗീതോപകരണങ്ങളും, പശ്ചാത്തല സംഗീത ത്തിനുള്ള സംവിധാനവും മത്സരിക്കുന്നവർ കൊണ്ടുവരേണ്ടതാണ്. എത്രപേർ (പശ്ചാത്തല സംഗീതം അടക്കം) പങ്കെടുക്കുന്നു എന്ന വിവരം പ്രോഗ്രാം കമ്മറ്റിയെ മുൻകൂട്ടി അറിയിച്ചിരിക്കണം.
3. നാടോടിനൃത്തം, ഒപ്പന, തിരുവാതിര, ഭരതനാട്യം, സംഘ നൃത്തം, മോഹിനിയാട്ടം, കുച്ചുപ്പുടി എന്നീ ഇനങ്ങൾക്ക് മുൻകൂട്ടി അനുവാദം വാങ്ങിയാൽ റെക്കോർഡ് ചെയ്ത ടേപ്പ് ഉപയോഗിക്കാം.
4. സ്റ്റേജ്, ലൈറ്റ് എന്നിവ സംഘാടകർ നൽകുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ സംഘാടകരുമായി സഹകരിക്കേണ്ടതാണ്.
5. മേക്കപ്പ് സ്വന്തം ചിലവിൽ നിർവഹിക്കേണ്ടതാണ്.
6. മത്സര ഇനങ്ങളുടെ മൂല്യനിർണയോപാധികൾ പ്രത്യേകം ചേർത്തിട്ടുണ്ട്.
7. എല്ലാ തലങ്ങളിലും സംഘാടകസമിതിയും, ജനറൽ കമ്മറ്റിയും ഓരോ വിഭാഗത്തിനും പ്രത്യേകം കമ്മറ്റികളും രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തണം.
8. എല്ലാ മത്സരാർഥികളും സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
9. മത്സരാർഥിക്ക് ഒരിനത്തിൽ പങ്കെടുക്കാൻ 3 അറിയിപ്പുകൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അതിനു ശേഷമുള്ള അഭ്യർഥന മാനിക്കുന്നതല്ല.
10. രണ്ടു വ്യക്തികൾക്ക് ഒരേ സമയം തുല്ല്യസ്ഥാനം ലഭിക്കുന്ന അവസരത്തിൽ അത് രണ്ടും പരിഗണിക്കേണ്ടതാണ്.

# വിധി നിർണ്ണയം

1. എല്ലാ തലങ്ങളിലുമുള്ള മത്സരങ്ങൾ വിലയിരുത്തുന്നതിന് യോഗ്യരായിട്ടുള്ള ആളുകളെ വേണം വിധികർത്താക്കളായി നിയമിക്കേണ്ടത്.
2. ഒരിനം വിലയിരുത്തുന്നത് ഒരേ സംഘം വിധികർത്താക്കൾ തന്നെയായിരിക്കണം.
3. ഒരിനം വിലയിരുത്തുന്നതിന് 3 പേരെ വിധികർത്താക്കളായി നിയമിക്കേണ്ടതാണ്.
4. മത്സരം തുടങ്ങുന്നതിനു തൊട്ടു മുൻപായി വിധികർത്താക്കളായി പ്രവർത്തിക്കുന്നവരുടെ പേരുവിവരവും യോഗ്യതയും വേദിയിൽ പ്രഖ്യാപിക്കേണ്ടതാണ്.
5. മത്സരം തുടങ്ങുന്നതിനു മുൻപ് ഈ മാനുവലിൽ ചേർത്തിട്ടുള്ള മൂല്യനിർണയോപാധികൾ വിധികർത്താക്കൾക്ക് നൽകേണ്ടതാണ്.
6. മത്സരം കഴിഞ്ഞാൽ ഉടൻ സ്റ്റേജ് മാനേജർമാർ വിധികർത്താക്കളുടെ സാന്നിധ്യത്തിൽ മാർക്ക് ടാബുലേറ്റ് ചെയ്ത്, അവിടെവച്ചു തന്നെ വിധികർത്താക്കളിലൊരാൾ ഫലപ്രഖ്യാപനം നടത്തേണ്ടതാണ്.



# മൂല്യനിർണയോപാധികൾ

**1. ഭരതനാട്യം**

- ആകാരസൂക്ഷ്മത
- വേഷം
- ഭാവം, മുദ്രകളുടെ പൂർണത
- താളം, ചുവടുവയ്പ്പ്

**2. മോഹിനിയാട്ടം**

- ആകാരസൂക്ഷ്മത
- വേഷം
- ഭാവം, മുദ്രകളുടെ പൂർണത
- താളം, ചുവടുവയ്പ്പ്

**3. നാടോടി നൃത്തം**

- താളമേളം
- നൃത്തവിദ്യ
- സംവിധാനകല
- വേഷഭംഗി
- അവതരണശൈലി

**4. കുച്ചുപ്പുടി**

- ആകാരസൂക്ഷ്മത
- വേഷം
- ഭാവം, മുദ്രകളുടെ പൂർണത
- താളം, ചുവടുവയ്പ്പ്

**5. സംഘ നൃത്തം**

- നർത്തകർ തമ്മിലുള്ള യോജിപ്പ്
- വേഷവിധാനവും, വേഷത്തിന്റെ യോജിപ്പും
- താളം, ചലനം
- അവതരണം

6. **തിരുവാതിര**

- താളം
- ചലനം
- ചുവട്
- വിൽപ്പാട്ട് പശ്ചാത്തലം
- വേഷത്തനിമ

7. **ഒപ്പന**

- ഒപ്പനപ്പാട്ടിന്റെ ഇശൽ
- പാട്ടിന്റെ സാഹിത്യം
- താളവും കയ്യടിയുടെ ചേർച്ചയും ശ്രുതിലയവും ശംബ്ദഭംഗിയും
- തനിമയാർന്ന അവതരണം
- വേഷവും പശ്ചാത്തല സംഗീതവും

8. **സെമി ക്ലാസിക്കൽ**

- താളമേളം
- നൃത്തവിദ്യ
- സംവിധാനകല
- വേഷഭംഗി
- അവതരണശൈലി

9. **ലളിത ഗാനം**

- ശാരീരം
- ശ്രുതിലയവും ശംബ്ദഭംഗിയും
- ജ്ഞാനഭാവം
- താളം
- സാഹിത്യ ശുദ്ധി

10. **പ്രസംഗം**

- ആശയസ്ഫുടത
- അക്ഷരസ്ഫുടത
- ഭാഷ ശുദ്ധി
- ധാരവാഹിത്വം
- ശബ്ദ നിയന്ത്രണം

11. **മോണോ ആക്ട്**

- അക്ഷരസ്ഫുടത
- ആശയസ്ഫുടത
- ഭാവാഭിനയം
- സംഭാഷണം

12. **കവിത പാരായണം**

- അക്ഷരസ്ഫുടത
- ആശയസ്ഫുടത
- ശ്രുതിലയവും ശംബ്ദഭംഗിയും
- താളം

13. **മിമിക്രി**

- വിഷയത്തോടുള്ള നീതി പുലർത്തൽ
- അഭിനയം
- തന്മയത്വം
- അനുകരണകഴിവ്

14. **കവിതാരചന**

- വിഷയവുമായുള്ള ബന്ധം
- പ്രയോഗ സാമർഥ്യം
- പൂർണത

15. **കഥാരചന**

- വിഷയവുമായുള്ള ബന്ധം
- പ്രയോഗ സാമർഥ്യം
- പൂർണത

16. **ചിത്രരചന**

- വിഷയവുമായുള്ള ബന്ധം
- സംവിധാനം
- പ്രയോഗ സാമർഥ്യം
- രേഖകളുടെയും ഇരുൾ വെളിച്ചങ്ങളുടെയും സവിശേഷത
- പൂർണത

സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം 2022

**17. പ്രച്ഛന്ന വേഷം**

- അഭിനയ മികവ്
- തന്മയത്വം
- വേഷത്തനിമ
- പൂർണത

**18. ദേശഭക്തി ഗാനം**

- ലയം
- അക്ഷരസ്ഫുടത
- വേഷത്തനിമ

**19. നാടൻപാട്ട്**

- തനിമയാർന്ന അവതരണം
- താളം
- ശബ്ദ ഭംഗിയും വേഷഭംഗിയും

**20. ഉപന്യാസരചന**

- ആശയ സ്ഫുടത
- അവതരണ ശൈലി
- ഭാഷാശുദ്ധി
- സാഹിത്യശുദ്ധി

**21. ഉപകരണ സംഗീതം - വയലിൻ**

- പ്രയോഗ സാമർഥ്യം
- ശ്രുതിലയം
- താളം
- പൂർണത

